ശ്രീ. പി. ശങ്കർ: 12-ാം തീയതി വ്യാഴാഴ്ച പെസഹാ ആണെന്നുള്ളതു കൊണ്ട് അന്നു ഒഴിവു കൊടുക്കണമെന്നാവശ്യപ്പെടുന്നുണ്ട്. 16-ാം തീയതി തിങ്കളാഴ്ച അത്തവും ചതുർത്ഥിയും ഒന്നിച്ചു വരുന്നതുകൊണ്ട് അന്നുകൂടി ഒഴിവു കൊടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുണ്യദിനങ്ങളെയെല്ലാം ഞാൻ മാനിക്കുന്നു. പക്ഷേ എല്ലാ പുണ്യദിനങ്ങളേയും ഒഴിവുദിവസങ്ങളാക്കാൻ സാധ്യമല്ല.

ശ്രീ. പി. ആർ. ഫ്റാൻസിസ്: ക്രിസ്തുവിനെ ക്രൂശിക്കുന്നതിനു മുൻപ് അപ്പം വാഴ്ത്തിക്കൊണ്ട് ഇതെന്റെ ശരീരമാണ് എന്നു പ്രഖ്യാപിച്ച ആ ദിവസം ഞങ്ങളെസംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു ദിവസമാണ്. അതുകൊണ്ട് പെസഹാവ്യാഴാഴ്ച ഒഴിവാക്കുന്ന കാര്യം ഒന്നു പരിശോധിക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനു ഞാൻ ഉത്തരം പറഞ്ഞു കഴിഞ്ഞു.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞു, സെൻട്രലൈസ്ഡ് വാലോഷൻ എല്ലാ സജ്ജീകരണങ്ങളും ചെയ്തുകഴിഞ്ഞു എന്ന്. ഇന്നലത്തെ പത്രത്തിൽ കണ്ടു ആലുവായിൽ പേപ്പേഴ്സ് സ്ട്രീറ്റിൽ കിടക്കുന്നു എന്ന്. അങ്ങനെയുള്ള ഉത്തരക്കടലാസുകൾ വാലോഷൻ സെന്ററിൽ വരാതിരിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും പരിപാടി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇന്നലത്തെ പത്രത്തിൽ കണ്ട വിഷയത്തെസംബന്ധിച്ച് ഇന്നു മറുപടി പറയാൻ, അതിനെസംബന്ധിച്ച് അന്വേഷണം നടത്താതെ സാധ്യമല്ല.

വിദ്യാഭ്യാസവകുപ്പിന്റെ പുന:സംഘടന

* 576 [612] ശ്രീ. സേവ്യർ അറയ്ക്കൽ:

,, ഇ. നാരായണൻ നായർ:

,, കെ. എസ്. നാരായണൻ നമ്പൂതിരി:

,, വി. ഈച്ചരൻ:

,, എൻ. ഐ. ദേവസ്സിക്കുട്ടി:

,, തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിന്റെ പുന:സംഘടനാ നിർദ്ദേശങ്ങളും ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) പുതിയ സബ്ജില്ല, ആഫീസുകൾ തുറക്കുന്നതിനും മറ്റും ആവശ്യപ്പെടുന്ന ശുപാർശകൾ നടപ്പിലാക്കാൻ താമസിക്കുന്നതിന്റെ കാരണം എന്ത്;

(സി) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം വർദ്ധിക്കുകയും കൂടുതൽ വിദ്യാലയങ്ങൾ അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇന്നത്തെ കാഫീസ് സംവിധാനം അപര്യാപ്തമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) പുന:സംഘടനയെ സംബന്ധിച്ച് സ്പെഷ്യൽഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ഗവൺമെൻറ് പരിഗണിച്ചുവരികയാണ്, ഒരു അന്തിമ തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു റിപ്പോർട്ടു പരിഗണിച്ചുവരികയാണ് എന്ന്. എത്രകാലമായി ഇതു പരിഗണിക്കുവാൻ തുടങ്ങിയിട്ട്, എന്നു ഇതിനെക്കുറിച്ച് ഒരു തീരുമാനമുണ്ടാകുമെന്ന് പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, 1968-ൽ സമർപ്പിച്ച റിപ്പോർട്ടാണ്. അതിന് കുറെ എതിർപ്പുകളുണ്ടായിരുന്നു. ഡി. ഇ. ഒ. മാരെ നിശ്ചയിക്കുന്നതിനെസംബന്ധിച്ച്, ടീച്ചിംഗ് നോൺ ടീച്ചിംഗ് സ്റ്റാഫുകൾ തമ്മിലുള്ള തർക്കം, അതുസംബന്ധമായ സാമ്പത്തിക ചെലവ്, സബ്ജക്ട് ഇൻസ്പെക്ടേഴ്സിന്റെ കാര്യം ഈ മാതിരിയുള്ള കാര്യങ്ങൾ കൊണ്ടാണ് നീണ്ടുപോയത്. ഇപ്പോൾ സ്ഥിതി ആകെ മാറിയതുകൊണ്ട് ഇതിനെസംബന്ധിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ ഡയറക്ടറോടു ആവശ്യപ്പെട്ടിട്ടുണ്ട്. അതു കിട്ടിയശേഷം മാത്രമേ എന്തെങ്കിലും പറയാൻ കഴിയൂ.

ശ്രീ. സേവ്യർ അറയ്ക്കൽ: 1968-ൽ കിട്ടിയ റിപ്പോർട്ട് 1979-ൽ രണ്ടാമത്തെ റിപ്പോർട്ട് ചോദിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഇപ്പോൾ ചോദിച്ചിരിക്കുന്ന റിപ്പോർട്ടിൽ ഏതെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ പുതിയ റിപ്പോർട്ട് ഉണ്ടാക്കണമെന്നല്ല പറഞ്ഞിട്ടുള്ളത്. ഈ റിപ്പോർട്ടിനെസംബന്ധിച്ച ചില വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്; നടപ്പിലാക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ച് ഡി. ഇ. ഒ. മാരുടെ ഡയാക്ട് റിക്രൂട്ടുമെൻറിനു പി. എസ്. സി. യോട് ആവശ്യപ്പെട്ടിരുന്നു. പക്ഷേ നിശ്ചയിച്ച കാളിഫിക്കേഷൻ ജാസ്തി ആയതുകൊണ്ട് പി. എസ്. സി. ക്ക് റിക്രൂട്ടു ചെയ്യാൻ സാധിച്ചില്ല. അതിനു അയവു വരുത്താൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. നാരായണൻ നായർ: എൽ. പി., യു. പി. വിഭാഗത്തിന്റെ അതോറിട്ടി എ. ഇ. ഒ. ആണ്. ആ വിഭാഗത്തിലാണ് കൂടുതൽ സ്ക്കൂളുകളും അനുവദിച്ചിട്ടുള്ളത്. ആ വിഭാഗത്തിലെ സ്ക്കൂളുകളും ഇൻസ്പെക്ടു ചെയ്യാനും വിസിറ്റു ചെയ്യാനും എ. ഇ. ഒ. യ്ക്ക് സാധിക്കുന്നില്ലെന്നുള്ളതു പരിഗണിച്ച് ഉടനടി പുനസ്സംഘടന പൂർത്തിയാക്കാനും അതുപോലെ അനാവശ്യമായ ആർ. ഡി. ഡി. ഓഫീസുകളും നിർത്തലാക്കുകയും ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചില സ്ഥലങ്ങളിൽ ഡി. ഇ. ഒ. മാർക്കും എ. ഇ. ഒ. മാർക്കും കൂടുതൽ സ്ക്കൂളുകളും പരിശോധിക്കേണ്ടതുകൊണ്ടുള്ളവിഷമം ഗവൺമെൻറിനറിയാം. പുതിയ സ്ക്കൂളുകളും കൊടുക്കുന്നതോടുകൂടി വിദ്യാഭ്യാസജില്ലകളുടെ ഭാരം വർദ്ധിക്കും. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളുടെ പുന:സംവിധാനത്തിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുന്നതാണ്. ജില്ലകൾതോറും ആർ. ഡി. ഡി. ക്കു സമമായ ഹെഡ് കാർട്ടേഴ്സ് ഡി. ഇ. ഒ. ഓഫീസുകൾ ഉണ്ടാക്കിയശേഷം അല്ലാതെ ആർ. ഡി. ഡി. ഓഫീസുകൾ എടുത്തു കളഞ്ഞാൽ അതിനിടയിൽ വിടവുണ്ടാകും.

ശ്രീ. ഇ. നാരായണൻ നായർ: ഇപ്പോൾ വെനുജില്ല, വിദ്യാഭ്യാസജില്ല, വിദ്യാഭ്യാസ ഉപജില്ല ഇങ്ങനെ മൂന്നു ജില്ലകളുണ്ട്. അതുകൊണ്ട് ആവശ്യമില്ലാത്ത ഈ അജഗളസ്തനമായ ആർ. ഡി. ഡി. ഓഫീസ് മുറിച്ചുകളയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആർ. ഡി. ഡി. ക്ക് ചില അധികാരങ്ങളുണ്ട്. ഡിസ്ട്രിക്ട് ഹെഡ് കാർട്ടേഴ്സ് ഡി. ഇ. ഒ. യ്ക്ക് കൊടുക്കാനാണ് ഉദ്ദേശം.

ശ്രീ. വി. ഈച്ചരൻ: ഇന്നുള്ള വിദ്യാഭ്യാസ ജില്ലകൾ പുനർവിഭജനം ചെയ്തുകൊണ്ട് കൂടുതൽ വിദ്യാഭ്യാസജില്ലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെയാണെങ്കിൽ സംസ്ഥാനത്ത് പുതിയ എത്ര വിദ്യാഭ്യാസ ജില്ലകളാണ് ഉണ്ടാകാൻ പോകുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എത്ര ഉണ്ടാകുമെന്നു ഇപ്പോഴേ പറയാൻ പറ്റുകയില്ല. പുന:സംഘടിപ്പിക്കുമ്പോൾ കൂടുതൽ ജില്ലകൾ ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: പുനഃസംഘടന നടത്തുമ്പോൾ നിലവിലുള്ള ഓഫീസുകളെ സംബന്ധിച്ചിടത്തോളം അതു ഗുണകരമല്ലെന്നു തോന്നുകയാണെങ്കിൽ അതു മാറ്റാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുനഃസംഘടന വരുമ്പോൾ ഓഫീസുകൾ ഇന്നു നിൽക്കുന്ന സ്ഥലത്താണോ സൗകര്യം എന്നുള്ളതുകൂടി പരിഗണിക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കണ്ണൂർ ജില്ലയിലെ നോർത്ത് വയനാടും കോഴിക്കോടു ജില്ലയിലെ സൗത്ത് വയനാടുംകൂടി ചേർത്തുകൊണ്ട് ഒരു റവന്യൂ ഡിവിഷൻ ഏർപ്പെടുത്തിയിരിക്കുന്നതുപോലെ ഈ രണ്ടു പ്രദേശങ്ങളുംകൂടി ചേർത്ത് ഒരു വിദ്യാഭ്യാസ ജില്ല രൂപീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുതിയ വിദ്യാഭ്യാസ ജില്ലകളുണ്ടാകുമ്പോൾ ഇതുകൂടി പരിഗണിക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: പരിശോധനാവിഭാഗം വേർതിരിക്കുകയും ഭരണകാര്യങ്ങൾക്കുള്ള വിഭാഗം വേർതിരിക്കുകയും ചെയ്യുന്ന സംവിധാനത്തെപ്പറ്റി ആലോചിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലുള്ളത് ജില്ലാ തലസ്ഥാനത്തുള്ള ഡി. ഇ. ഒ. മാർ അഡ്മിനിസ ട്രേഷൻ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ബാക്കിയുള്ള ഡി. ഇ. ഒ മാർ പരിശോധനയിൽ ശ്രദ്ധിക്കുകയും ചെയ്യണമെന്നാണ്. ഇപ്പോൾ കാര്യമായ പരിശോധന നടക്കുന്നില്ലെന്നുള്ളത് ശരിയാണ്.

ശ്രീ കെ. പി. നൂറുദ്ദീൻ: സ്കൂളുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ പുന:സംഘടന നടത്താൻ ആലോചിക്കുന്നത്, അതോ ഭൂമിശാസ്ത്രപരമായ കിടപ്പും പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്കൂളുകളുടെ എണ്ണംതന്നെയാണ് പ്രധാനമായും പരിഗണിക്കുക. പിന്നെ ഭൂമിശാസ്ത്രപരമായ കിടപ്പും പരിഗണിക്കുന്നതാണ്.

ശ്രീ. എൻ. ഭാസ്കരൻ നായർ: പ്രൈമറിവിദ്യാലയങ്ങളിൽ നാംക്കുന്നാം കുട്ടികളും കുറഞ്ഞുവരുന്നുണ്ടെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ പുതിയതായി അനുവദിച്ച പല സ്കൂളുകളും ആവശ്യമില്ലാത്തതാണെന്ന കാര്യം അറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുതിയ സ്കൂളുകളും നോട്ടിഫൈ ചെയ്തപ്പോൾ ആവശ്യമില്ലാത്ത സ്കൂളുകളാണെന്നുതോന്നുന്നവരോടു ഒബ്ജക്ഷൻ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. പുതുതായി അനുവദിച്ച സ്കൂളുകളും അനാവശ്യമാണെന്നു പറയാൻ പറ്റുകയില്ല.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടു പ്രകാരം എത്ര വിദ്യാഭ്യാസ ജില്ലകളും കൂടുതലായുണ്ടാകും. എത്ര പുതിയ ജില്ലകളും കൂടുതലായി വരുമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: പത്തു പതിനൊന്നു വർഷങ്ങൾക്കു മുമ്പ് സമർപ്പിച്ചിട്ടുള്ള ഈ റിപ്പോർട്ടിൽപറഞ്ഞിട്ടുള്ള ഈ കാര്യം ഇപ്പോൾ പ്രസക്തമല്ല. അതിനുശേഷം പുതിയ സ്കൂളുകളും അനുവദിച്ചതുകൊണ്ട് പുതിയ ജില്ലകളും വേണ്ടിവരും.

ശ്രീ. പി. കെ. ശ്രീനിവാസൻ: ചില എ. ഇ. ഒ. യുടെ കീഴിൽ 100 സ്കൂളുകളുണ്ട്. ചില എ. ഇ. ഒ. യുടെ കീഴിൽ 40 സ്കൂളുകളുണ്ട്. ഇതിന് എന്തെങ്കിലും ഒരു നോംസ് ഉണ്ടോ; പുതുതായി എത്ര സബ് ജില്ലാഓഫീസുകളും ഉണ്ടാകുമെന്നാണ് പുന:സംഘടന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരുതുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നോംസ് എന്നു പറയുന്നത് വെറും സ്കൂളുകളുടെ എണ്ണം മാത്രമായിരിക്കുകയില്ല. നേരത്തേ ബഹുമാനപ്പെട്ട നൂറുദ്ദീൻപറഞ്ഞതുപോലെ ഭൂമിശാസ്ത്രപരമായ കിടപ്പും പരിഗണിക്കും. ജില്ലയുടെ എണ്ണത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, പുതുതായി സ്കൂളുകളും ഇപ്പോൾ അനുവദിച്ചു, രണ്ടുവർഷംമുമ്പ് സർ. അങ്ങ് മന്ത്രിയായിരുന്നപ്പോൾ സ്കൂളുകളും അനുവദിച്ചു. അതുകൊണ്ട് ഇതുസംബന്ധിച്ച് റിപ്പോർട്ടിൽപറയുന്നത് ഔട്ട് ഓഫ് ഡേറ്റായി പോയിരിക്കുകയാണ്. പുതിയ കണക്ക് വേണ്ടിവരും എന്നാണ്.

ശ്രീ. പി. ആർ. കുറുപ്പ്: ഇഫക്ടീവ് സൂപ്പർവിഷൻ ഇല്ലെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് പുനർവിഭജനത്തിനു ശ്രമിക്കുന്നതെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇപ്പോൾതന്നെ ഒരു സ്കൂൾ രണ്ടുതവണ ഒരു വർഷത്തിൽ ഇൻസ്പെക്ട് ചെയ്യാനും ഏഴുതവണയെങ്കിലും വിസിറ്റു ചെയ്യാനും വേണ്ട ഏർപ്പാടു ചെയ്യാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുനഃസംഘടന വന്നാൽ സൂപ്പർവിഷൻ നന്നാക്കാൻ സാധിക്കും,

ശ്രീ. പി. പി. എസ്തോസ്: ഹെഡ്കാർട്ടേഴ്സിലുള്ള ഡി.ഇ.ഒ.ക്ക് അഡ്മിനിസ്ട്രേഷനാണ് ഉള്ളതെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഹെഡ്കാർട്ടേഴ്സിലുള്ള സ്കൂളുകളെ സംബന്ധിച്ചിടത്തോളം മറ്റു കാര്യങ്ങളിൽ ഒരു ഗ്യാപ്പുണ്ടാകുകയില്ലേ; ഇതൊഴിവാക്കാൻ മറ്റൊരു പ്രത്യേക ഡി. ഇ. ഒ യെക്കൂടി നിയമിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഗ്യാപ്പില്ലാത്ത വിധത്തിൽ ഏർപ്പാടു ചെയ്തുകൊണ്ടാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. രാമൻ: ആറുകൊല്ലക്കാലം എ. ഇ. ഒ. ആയി സേവനമനുഷ്ഠിച്ചതിനുശേഷം അവരെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കുന്നതു പുനഃസംഘടനയുടെ ഭാഗമായിട്ടാണോ? അല്ലെങ്കിൽ മറെന്തു കാരണത്താലാണ് ?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: പുന:സംഘടന നടപ്പിൽ വരുത്തിയിട്ടില്ലെന്നു ഞാൻ പറഞ്ഞു. മറേറത് വേറൊരു പ്രശ്നമാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: വിദ്യാഭ്യാസ പുന:സംഘടന നടപ്പിലാക്കുമ്പോൾ കേരളത്തിലെ അദ്ധ്യാപക സംഘടനകളും നൽകിയിട്ടുള്ള നിവേദനങ്ങളും കൂടി പരിഗണിക്കുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഔദ്യോഗിക സംഘടനകളുടേയും അനൗദ്യോഗിക സംഘടനകളുടേയും പരസ്പര വിരുദ്ധങ്ങളായ നിവേദനങ്ങളുടെ ഫലമായിട്ടാണ് ഇതു നീണ്ടുപോകുന്നത്.

ശ്രീ. എ. പി. കുര്യൻ: റിപ്പോർട്ടു വന്നിട്ട് വളരെ വർഷങ്ങളായെന്നും അതുകൊണ്ട് ആ റിപ്പോർട്ടിലെ ശുപാർശകളും കാലഹരണപ്പെട്ടുപോയെന്നും അതുകൊണ്ട് പ്രായോഗികമല്ലെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടുകളും ഇരുന്നു കാലഹരണപ്പെട്ടുപോകുന്ന സമ്പ്രദായം മാറാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കാലഹരണപ്പെട്ടുപോയെന്നു പറഞ്ഞതു ജില്ലയുടെ എണ്ണത്തെ സംബന്ധിച്ചുള്ളതാണ്. മറുള്ള ശുപാർശകളും പലതും ഇപ്പോഴും സജീവമാണ്. അതിർത്തിയെ സംബന്ധിച്ച കാര്യമാണ് കാലഹരണപ്പെട്ടുപോയത്. എല്ലാം കാലഹരണപ്പെട്ടുപോയി എന്നു പറയുന്നതു ശരിയല്ല. എല്ലാ റിപ്പോർട്ടുകളും നടപ്പാക്കുന്നുണ്ട്. ചില റിപ്പോർട്ടുകൾ താമസിച്ചുപോകുന്നു. കൽപ്പിച്ചുകൂട്ടി ആരും താമസിപ്പിക്കുന്നില്ല.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുന്നതുവരെ ഇപ്പോഴുള്ള സ്ട്രങ്തിന് വെരിഫിക്കേഷനും സൂപ്പർവിഷനും ഫലപ്രദമാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച് മുഹമ്മദുകോയ: പുതിയ സംവിധാനമില്ലാതെതന്നെ ഇതെല്ലാം ചെയ്യാൻ കഴിയും.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: മലബാർഭാഗത്തും തിരു-കൊച്ചി ഭാഗത്തും ഡി. ഇ. ഒ മാരുടെ കീഴിലുള്ള എ. ഇ. ഒ. മാരുടെ തസ്തികകളിൽ വ്യത്യാസമുള്ളതുകൊണ്ട് മലബാറിലെ ഡി. ഇ. ഒ മാരുടെ കീഴിലുള്ള എ. ഇ. ഒ. മാരുടെ തസ്തികയുടെ കാര്യത്തിൽ ഒരു പുന:സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്കൂളുകളുടെ എണ്ണം മലബാർ പ്രദേശത്ത് കൂടുതൽ ഉണ്ടാകുമെന്നു തോന്നുന്നില്ല. വിസ്തീർണ്ണം കൂടുതൽ ഉണ്ടാകും. പുന:സംഘടന കഴിയുമ്പോൾ അതെല്ലാം ശരിയാകുമെന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly